2 (*88) ജനകീയ മൽസ്യകൃഷി

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മൽസ്യസമ്പത്ത് മൂന്നിരട്ടിയാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമുള്ള ജനകീയ മൽസ്യകൃഷിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) വിവേചന രഹിതമായ മൽസ്യബന്ധനം, അമിതചൂഷണം ദീർഘവീക്ഷണമില്ലാത്ത ആസൂത്രണം എന്നിവമൂലം ആഭ്യന്തര വിപണിക്ക് ആവശ്യമായ ഉൾനാടൻ മൽസ്യം ഇപ്പോൾ ഉൽപ്പാദിപ്പിക്കപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിച്ച് ഉൾനാടൻ മൽസ്യസമ്പത്തു വർദ്ധിപ്പിച്ചു കൊണ്ടുവരുന്നതിന് സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജനകീയ മൽസ്യക്കൃഷിയുടെ മൂന്നാം വർഷത്തിൽ ഉൾനാടൻ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കൂടുതൽ പ്രാധാന്യം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) വേഗത്തിൽ വളരുന്ന മൽസ്യ ഇനങ്ങളെ വളർത്തി ഉൾനാടൻ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ.. രാമകൃഷ്ണൻ) : സർ, (എ) വ്യക്തികളുടെ കുളങ്ങൾ, ചെറുജലാശയങ്ങൾ, ഇറിഗേഷൻ ടാങ്കുകൾ, ചിറകൾ എന്നിവ മൽസ്യക്കൃഷിയ്ക്കായി ഉപയോഗപ്പെടുത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കുളങ്ങളും ജലാശയങ്ങളും മൽസ്യക്കൃഷിയിൽ താൽപ്പര്യമുള്ളവർക്ക് പാട്ടത്തിന് നൽകുക, കായലോരങ്ങളിൽ കൃഷിഫാമുകൾ നിർമ്മിച്ച് ബണ്ട് കൃഷി നടത്തുക, മൽസ്യക്കച്ചവടത്തിന് മൽസ്യബൂത്തുകൾ സംഘടിപ്പിക്കുക, മൽസ്യവിത്ത് ഉൽപ്പാദനത്തിലും വളർത്തലിലും താൽപ്പര്യമുള്ളവരെ മൽസ്യവിത്തുൽപ്പാദനത്തിന് സഹായിക്കുക, തുടങ്ങിയ പദ്ധതികൾ ജനകീയ മൽസ്യക്കൃഷി പദ്ധതിയനുസരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മൽസ്യക്കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി മൽസ്യക്കൃഷിക്ക് അനുയോജ്യമായ ജലാശയങ്ങൾ കണ്ടെത്തി കൃഷിക്കുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക, കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുക, മൽസ്യവിത്തുൽപ്പാദനത്തിൽ തൽപ്പരരായ ആളുകൾക്ക് rearing പരിശീലനവും സാങ്കേതിക സഹായവും നൽകുക, മൽസ്യക്കുഞ്ഞുങ്ങളെ സൗജന്യമായി നൽകുക, കൃഷിക്കാലത്ത് ഉടനീളം കർഷർക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകുക തുടങ്ങിയവയാണ് ജനകീയ മൽസ്യക്കൃഷി പദ്ധതി വഴി ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നത്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനധികൃത മൽസ്യബന്ധനം തടയുന്നതിന് റോന്തുചുറ്റൽ ശക്തിപ്പെടുത്തുക, ലൈസൻസ് ഇല്ലാത്ത വലകൾ നീക്കം ചെയ്യുക, ഏറ്റസമയത്ത് മൽസ്യബന്ധനത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുക, കുറ്റിവലകൾ നീക്കംചെയ്യുക എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശുദ്ധജല മൽസ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിലും മൽസ്യ കർഷക വികസന ഏജൻസികളും ഓരുജല മൽസ്യ-ചെമ്മീൻ കൃഷി വികസനത്തിനായി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരുജല ചെമ്മീൻ മൽസ്യ കർഷക വികസന ഏജൻസികളും പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിലെ പൊക്കാളി നിലങ്ങളിലും ആലപ്പുഴ, കോട്ടയം ജില്ലകളിലും കുട്ടനാടൻ ജലശേഖരങ്ങളിൽ സംയോജിത ചെമ്മീൻകൃഷി, ആറ്റുകൊഞ്ച്, നാടൻ മത്സ്യം എന്നിവ കൃഷി നടത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. കോട്ടയം ജില്ലയിലെ പള്ളം കേന്ദ്രമായി നാടൻ മത്സ്യം വളർത്തുന്നതിനുള്ള ഫാം പ്രവർത്തിച്ചുവരുന്നു. മലമ്പുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് സംസ്ഥാനത്തെ തെരഞ്ഞെടുത്ത പല ജലസംഭരണികളിലും മൽസ്യക്കൃഷി നടത്തിവരുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഇതിനായി ശുദ്ധജല മൽസ്യക്കൃഷിയിൽ ഉയർന്ന വളർച്ചാ നിരക്കുള്ള കട്ല, റോഹു മൃഗാൾ സൈപ്രിനസ്, സിൽവർ കാർപ്പ് ഗ്രാസ് കാർപ്പ് എന്നീ ഇനങ്ങളിൽപ്പെട്ട മൽസ്യക്കുഞ്ഞുങ്ങളെ ജനകീയ മൽസ്യക്കൃഷി പദ്ധതിയിലൂടെ വിതരണം ചെയ്യുകയും ശുദ്ധജലത്തിൽ വളർത്തുന്ന ആറ്റുകൊഞ്ച്, കാര, നാരൻ ഇനങ്ങളിൽപ്പെട്ട പലയിനം ചെമ്മീനുകൾ വളർത്തുകയും ചെയ്തുവരുന്നു.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, ജനകീയ മൽസ്യക്കൃഷി പദ്ധതിയിൽ ഓരോ വർഷവും എത്ര സ്ഥലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്നുവെന്നും ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയും കീഴിൽ സംസ്ഥാനത്ത് എത്ര ചെറുപ്പക്കാർക്ക് മൽസ്യക്കൃഷിയിൽ പരിശീലനം നൽകിയെന്നും വ്യക്തമാക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : സർ, 1997-98-ൽ 694 പഞ്ചായത്തുകളും രണ്ട് കോർപ്പറേഷനുകളും 32 മുനിസിപ്പാലിറ്റികളും 1998-99-ൽ 777 പഞ്ചായത്തുകളും രണ്ട് കോർപ്പറേഷനുകളും 37 മുനിസിപ്പാലിറ്റികളും 1999-2000-ാം മാണ്ടിൽ 809 പഞ്ചായത്തുകളും 43 മുനിസിപ്പാലിറ്റികളും രണ്ട് കോർപ്പറേഷനുകളും പങ്കെടുത്തു.

<u>ശ്രീ. വി.കെ. ചന്ദ്രൻ</u> : സർ, ജനകീയ മൽസ്യക്കൃഷി വിപുലപ്പെടുത്താൻ കൂടുതൽ സ്ഥലങ്ങളിലേക്ക് മൽസ്യക്കൃഷി വ്യാപിപ്പിക്കുവാനും ഇവിടെയിപ്പോൾ മന്ത്രി നേരത്തേ പറഞ്ഞ മറുപടിയനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും അധീനതയിലുള്ള കുളങ്ങളും ജലാശയങ്ങളും മാത്രംകൊണ്ട് തികയുകയില്ല എന്ന് പറയുകയുണ്ടായി. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കുളങ്ങളും ജലാശയങ്ങളും ജനകീയ മൽസ്യക്കൃഷി നടത്തുന്നതിനായി അക്വയർ ചെയ്ത് അത്തരം സ്ഥലങ്ങളിൽ ജനകീയ മൽസ്യക്കൃഷി വിപുലപ്പെടുത്തുവാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

1018/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം നേരത്തെ ചോദിച്ച ചോദ്യത്തിന് ഞാൻ വ്യക്തമായി മറുപടി പറഞ്ഞിട്ടുണ്ടായിരുന്നില്ല. എത്രപേർ മൽസ്യക്കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു എന്ന ചോദ്യത്തിന് മറുപടി വ്യക്തമായി പറയുകയാണ്. 1997-98-ൽ 11,622 പേരും 1998-99-ൽ 9960 പേരും 1999-2000-ാം ആണ്ടിൽ 31,774 പേരും മൽസ്യക്കൃഷി നടത്തിയിരുന്നു. ഓരോ വർഷവും മൽസ്യക്കൃഷി നടത്തിയിരുന്ന സ്ഥലത്തിന്റെ വിവരം ഇപ്രകാരമാണ്. 1997-98-ൽ 3257 ഹെക്ടറിലും 1998-99-ൽ 6620 ഹെക്ടറിലും 1999-2000-ാം മാണ്ടിൽ 7923 ഹെക്ടറിലും മൽസ്യക്കൃഷി നടന്നിരുന്നു.

ശ്രീ. സി.പി. ബാവൻ വൈദ്യർ : ജനകീയ മൽസ്യക്കൃഷിക്കായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണെന്നും ആ ചെലവാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് എപ്രകാരമാണെന്നും ഒന്ന് വെളിപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താൻ ഇപ്പോൾ സാധിക്കുകയില്ല, അതിന് പ്രത്യേക നോട്ടീസ് വേണം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ജനകീയ മൽസ്യക്കൃഷി പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന മൽസ്യം വിറ്റഴിക്കാനുള്ള ബുദ്ധിമുട്ടുണ്ടോ; എവിടെയാണ് അതിന്റെ മാർക്കറ്റ് മൽസ്യം ഇന്ന് വളരെ വിലകൂടിയ ഒരു ഭക്ഷ്യവസ്തുവാണ്. അതുകൊണ്ട് മത്സ്യം ചുരുങ്ങിയ വിലയ്ക്ക് സാധാരണക്കാർക്ക് കൊടുക്കാനുള്ള നടപടി കൂടി ഈ പദ്ധതിയുടെ ഭാഗമായി സീകരിക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മൽസ്യത്തിന്റെ മാർക്കറ്റിംഗ് ഇപ്പോൾ വലിയ ബുദ്ധിമുട്ടൊന്നുമില്ല. പിടിക്കുന്ന മൽസ്യങ്ങൾ അപ്പപ്പോൾ തന്നെ ആളുകൾ വന്ന് വാങ്ങിക്കൊണ്ടുപോകുന്നുണ്ട്. എറണാകുളത്തൊക്കെ അവിടെയുള്ള ബൂത്തുകളിൽനിന്ന് മൽസ്യം വാങ്ങുന്നതിന് കോട്ടയത്തുനിന്നും മറ്റുമുള്ള ആളുകളാണ് വരുന്നത്. അവിടെ എത്ര മൽസ്യമുണ്ടെങ്കിലും വാങ്ങാൻ ആളുണ്ട്. മൽസ്യമില്ലാത്ത കുറവ് മാത്രമേയുള്ളൂ. അതുപോലെതന്നെ നമ്മൾ മൽസ്യബൂത്തുകൾ വഴി ഡിപ്പാർട്ടുമെന്റായി മൽസ്യബൂത്തുകൾ വഴി കൊച്ചിയിൽ സ്ഥാപിച്ചിട്ടുള്ള മൽസ്യഫെഡിന്റെ ആഭിമുഖ്യത്തിലുള്ള ഐസ്പ്ലാന്റിൽ ശേഖരിച്ചുവച്ച് അതുപോലെ ഐസ് ഘടിപ്പിച്ചിട്ടുള്ള വണ്ടികളിൽ സ്റ്റേറ്റിന്റെ ഏത് ഭാഗത്തുചെന്നാലും മൽസ്യബൂത്തുകളിൽ മൽസ്യം എത്തിച്ചുകൊടുക്കാനുള്ള സംവിധാനവും ഉണ്ടാക്കിയിട്ടുണ്ട്. കൂടുതൽ ബൂത്തുകൾ സ്ഥാപിക്കാനും ഉദ്ദേശമുണ്ട്. അതുകൊണ്ട് മൽസ്യത്തിന്റെ മാർക്കറ്റിംഗ് ഇന്നൊരു പ്രശ്നമായിട്ടുവരുന്നില്ല. ഇത് നമ്മുടെ നാട്ടുകാർക്ക് തന്നെയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കള്ളുഷാപ്പുകാരും മറ്റുമാണ് അധികവും വാങ്ങിക്കൊണ്ടുപോകുന്നത്. നാട്ടുകാർക്കും അതാത് പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ബൂത്തുകളിൽ നിന്നും മൽസ്യം എല്ലാ സമയത്തും ലഭിക്കുന്നുണ്ട്. ഇവിടെ തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ള ബൂത്തുകളിൽ നല്ല ചെലവാണ്. നമ്മുടെ സഹോദരിമാർ വൈകുന്നേരത്ത് ജോലികഴിഞ്ഞ് പോകുമ്പോൾ മൽസ്യബൂത്തുകളിൽ നിന്നും മൽസ്യംകൂടി വാങ്ങിയിട്ടാണ് വീടുകളിലേക്ക് പോകുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ് : കേരളത്തിലെ മൽസ്യസമ്പത്തിന്റെ ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ടെന്നാണ് പൊതുവേ അഭിപ്രായം വന്നിട്ടുള്ളത്. കടലിൽനിന്ന് കിട്ടുന്ന മൽസ്യസമ്പത്തിന്റെ അളവിൽ വന്നിട്ടുള്ള കുറവ്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ മൽസ്യസംസ്ക്കരണമേഖലയെയും അതുപോലെ തന്നെ കയറ്റുമതി മേഖലയെയും പീലിംഗ് ഷെഡ്ഡുകളെയുമെല്ലാം ബാധിച്ചിരിക്കുകയാണ്. ഈ പ്രശ്നം അടിയന്തിരമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവർ ഒരു സമരപരിപാടിയുമായി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ മൽസ്യ മേഖലയെ ബാധിച്ചിരിക്കുന്ന പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഇതുമായി ബന്ധപ്പെട്ട എല്ലാവിഭാഗം ആളുകളുടെയും ഒരുയോഗം വിളിച്ചുകൂട്ടിയിട്ട് മൽസ്യസമ്പത്ത് വർദ്ധിപ്പിക്കാനും അത് നല്ലനിലയിൽ കയറ്റുമതി ചെയ്യാനും കഴിയുന്നതിനാവശ്യമായ തീരുമാനം കൈക്കൊള്ളുവാൻ ബന്ധപ്പെട്ട വകുപ്പ് തയ്യാറാകുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : മൽസ്യസമ്പത്ത് കുറഞ്ഞുവരുന്നു എന്നു പറയുന്നത് ശരിയല്ല. അത് കുറയുന്നതിന് പ്രധാനപ്പെട്ട കാരണം നമ്മുടെ ഇവിടേക്ക് വിദേശകപ്പലുകൾ വന്ന് മൽസ്യം പിടിക്കാൻ തുടങ്ങിയിട്ടുള്ളതു കൊണ്ടാണ്. അത് പുറംകടലിലാണ് ഉദ്ദേശിക്കുന്നതെങ്കിലും അതിനാണ് ലൈസൻസ് കൊടുത്തിരിക്കുന്നതെങ്കിലും അവർ നമ്മുടെ ഇവിടത്തെ കടലിൽവന്ന് മൽസ്യംപിടിച്ചുകൊണ്ടുപോകുന്നതിന്റെ ഫലമായിട്ട് നമ്മുടെ സംസ്ഥാനത്ത് മൽസ്യംകിട്ടുന്നതിന്റെ അളവ് കുറഞ്ഞിട്ടുണ്ട്. അതേസമയത്ത് ട്രോളിംഗ് നടപ്പിലാക്കിയതിന്റെ ഫലമായും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിന്റെയും ഫലമായും മൽസ്യസമ്പത്തിന്റെ കുറവ് പരിഹരിക്കാൻവേണ്ട നടപടി എടുക്കുന്നുണ്ട്. വ്യത്യസ്ത താൽപ്പര്യങ്ങളാണ്. മൂന്ന് മെമ്പർ ചൂണ്ടിക്കാണിച്ചത് ആ പ്രശ്നത്തിൽ അവരെ എല്ലാവരെയുംകൂടി ഒന്നിച്ചു വിളിച്ചുകൂട്ടി അവർക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ചിലപ്രശ്നങ്ങളുണ്ട്. കയറ്റുമതിക്കാർക്ക് അവർ ഗവൺമെന്റിന് തരേണ്ട പണം തരാനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവർ കൊടുക്കണമെന്നുള്ള നിർബന്ധബുദ്ധിയുണ്ടായിരുന്നതിൽ അളവ് വരുത്തിയെങ്കിലും വീണ്ടും ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് എന്താണെന്നു വച്ചാൽ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കേണ്ട പെൻഷൻ ഇതിൽനിന്നും കിട്ടുന്ന വിഹിതത്തെ ആശ്രയിച്ചുകൂടിയാണ് കൊടുക്കാൻ നമ്മൾ ബാദ്ധ്യതപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് വിവിധ താൽപ്പര്യക്കാരെ ഒരുമിച്ച് ഒരു കോൺഫറൻസിൽ അണിനിരത്തുന്നതുകൊണ്ട് കാര്യമുണ്ടെന്ന് തോന്നുന്നില്ല.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : ജനകീയ മൽസ്യക്കൃഷിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മൽസ്യസമ്പത്ത് കയറ്റുമതി ഓറിയന്റസ് ആക്കിയാൽ നമ്മുടെ രാജ്യത്തിന് അതുകൊണ്ട് വിദേശനാണ്യം ഏറെ കിട്ടും. അതിനാവശ്യമായിട്ട് മൽസ്യക്കൃഷി നടത്തുകയാണെങ്കിൽ ഉദാഹരണത്തിന് കാരവളർത്തൽ പൊക്കാളി പാടത്തിൽ ഒക്കെ കാരക്കൃഷി പ്രോൽസാഹിപ്പിക്കാനായിട്ട് 'അഡാക്ക്' തയ്യാറാക്കിട്ടുണ്ട്. അതുപോലെ ഓരോ പ്രദേശത്തും അവിടേക്ക് അനുയോജ്യമായവിധത്തിലുള്ള മൽസ്യം ഏതാണെന്ന് പരിശോധിച്ചിട്ട് കേരളത്തിലുടനീളം ഇപ്പോൾ ഉൾനാടൻ മൽസ്യം അതുപോലെ ശുദ്ധജല മൽസ്യം, ഡാമുകളിൽ മൽസ്യം വളർത്തിയാൽ അതുകൊണ്ടുണ്ടാകുന്ന പ്രയോജനം, ഇതൊക്കെ സമയബന്ധിതമായി പരിശോധന നടത്തിയിട്ട് ആവശ്യമായ മൽസ്യസമ്പത്ത് ഓരോ പ്രദേശത്തും ഉൽപ്പാദിപ്പിക്കുവാൻ ആവശ്യമായ ഒരു പദ്ധതിക്ക് ബന്ധപ്പെട്ട വകുപ്പ് രൂപം നൽകുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : നമ്മൾ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പുതിയ കോഴ്സുകൾ കണ്ടുപിടിക്കുന്നതിനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ഏർപ്പാടുചെയ്തു. അവ

LIBRARY ARCHIVES Kerala Legislative Assembly

രുടെ റിപ്പോർട്ട് കിട്ടിയാൽ അക്കാര്യങ്ങൾ നടത്താൻ സാധിക്കുമെന്നുള്ള വിശ്വാസത്തിൽ കൊച്ചി കേന്ദ്രമാക്കി അവർ സ്ഥിരമായി പ്രവർത്തിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ജനകീയ മൽസ്യക്കൃഷി പദ്ധതി തുടങ്ങിയതുവഴി പുതുതായി എത്ര ടൺ മൽസ്യമാണ് ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതെന്നതിന്റെ കണക്ക് ഗവൺമെന്റിന്റെ കൈയിലുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : കണക്ക് ഗവൺമെന്റിന്റെ പക്കലുണ്ട്. 1997-98-ൽ 6110 ടൺ മൽസ്യവും 300 ടൺ ആറ്റുകൊഞ്ചും 1300 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചു. 1998-99-ൽ 13,750 ടൺ മൽസ്യവും 1000 ടൺ ആറ്റുകൊഞ്ചും 1125 ടൺ ചെമ്മീനും ഉൽപ്പാദിപ്പിച്ചു. 1999-2000-ാം മാണ്ടിൽ 20.000 ടൺ മൽസ്യവും 2.000 ടൺ ആറ്റുകൊഞ്ചും 2,000 ടൺ ചെമ്മീനും ഉൽപ്പാദിപ്പിക്കണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതിന്റെ ഉൽപ്പാദനകാലം വരുന്നതേയുള്ളൂ.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ജനകീയ മൽസ്യക്കൃഷി വഴി സംസ്ഥാനത്തിന് എന്തു വരുമാനമുണ്ടായി എന്ന് കണക്കാക്കിയിട്ടുണ്ടോ; അതുവഴി ഉൽപ്പാദിപ്പിച്ച മൽസ്യത്തിന് എന്തുവില വരുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : 1997-98-ൽ 46.43 കോടിരൂപയുടെയും 1998-99-ൽ 90.63 കോടിരൂപയുടെയും അധിക മൽസ്യം ഉൽപ്പാദിപ്പിച്ചു. ഈ വർഷം 145 കോടിരൂപ വിലവരുന്ന മൽസ്യം ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ജനകീയ മൽസ്യക്കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമിച്ചവർ ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവരാണ്? കോൺട്രാക്റ്റ് പുതുക്കാതെ അവരുടെ സർവ്വീസിന്റെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ്? ഉൾനാടൻ മൽസ്യങ്ങളുടെ രോഗങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നു എന്നൊക്കെ പറഞ്ഞു കേട്ടിരുന്നു. അതിനുള്ള വല്ല ഏർപ്പാടുകളുമായോയെന്ന് ഒന്നുവ്യക്തമാക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : സർ, കമ്മിറ്റിയുടെ കാര്യം ഞാൻ ഇതിനു മുമ്പ് തന്നെ പറഞ്ഞിരുന്നു. ടെണ്ടറുകൾ വച്ച് കൊടുക്കുന്നത് പഞ്ചായത്തുകളുടെ സ്ഥലമാണ് പാട്ടത്തിന് കൊടുക്കുന്നു എന്നുപറഞ്ഞത് മറ്റ് സ്വകാര്യസ്ഥലങ്ങളും ഗവൺമെന്റ് ഉടമയിലുള്ള സ്ഥലങ്ങളുമാണ്. ആ സ്ഥലങ്ങളിൽ നമ്മൾ നേരിട്ട് മൽസ്യക്കൃഷി നടത്തുന്ന ഏർപ്പാടാണ് ഇപ്പോൾ ഉള്ളത്. അതാണ് നടത്തിക്കൊണ്ടിരിക്കുന്നതും. കുട്ടനാടൻ പാടശേഖരങ്ങളുടെ പുറം കായലുകളിൽ അതുപോലെതന്നെ മറ്റ് പ്രദേശങ്ങളിലൊക്കെത്തന്നെ ഡിപ്പാർട്ടുമെന്റിൽനിന്ന് നേരിട്ട് മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മൽസ്യം വളർത്തുന്ന ഏർപ്പാടാണുള്ളത്.

ഡോ. കെ.സി. ജോസഫ് : മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന ഒരു ഏരിയ നമ്മുടെ കായൽപ്രദേശങ്ങളും പാടശേഖരങ്ങളുമാണ്. അവിടെ നെൽക്കൃഷി ചെയ്തുകഴിഞ്ഞതിനുശേഷം ബാക്കിയുള്ള ഏഴ് മാസക്കാലം ജലസമ്പത്ത് ഉപയോഗപ്പെടാതെ പോവുകയാണ്. അത് ഉപയോഗപ്പെടുത്താൻ എങ്ങനെ ഫലപ്രദമായി മൽസ്യക്കൃഷിയു

LIBRARY ARCHIVES Kerala Legislative Assembly

മായി ബന്ധപ്പെടുത്തി പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്നുള്ളതിനെ സംബന്ധിച്ച് നയപരമായ ഒരു തീരുമാനമെടുക്കുവാൻ ആ മേഖലയുമായി ബന്ധപ്പെട്ട രാഷ്ട്രീയപ്പാർട്ടികളുടെയും കർഷക-കാർഷികത്തൊഴിലാളി സംഘടനകളുടെയും ഒരു യോഗം വിളിച്ചുകൂട്ടി ഒരു തീരുമാനമെടുത്താൽ മാത്രമേ നമുക്ക് അത് നടപ്പാക്കാൻ കഴിയൂ. അത്തരമൊരു യോഗം വിളിച്ചുകൂട്ടണമെന്ന ആവശ്യം നിരന്തരമായി ആ പ്രദേശത്തുണ്ട്. അതുകൊണ്ട് ഒരു യോഗം വിളിച്ചുകൂട്ടി അക്കാര്യത്തിൽ നയപരമായ ഒരു തീരുമാനമെടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഗവൺമെന്റ് മൽസ്യക്കൃഷിയും നെൽക്കൃഷിയും തമ്മിൽ സംയോജിപ്പിച്ചുകൊണ്ട് രണ്ടിൽ നിന്നും കൂടുതൽ തൊഴിൽ സാദ്ധ്യതകളും കൂടുതൽ ലാഭവും കിട്ടത്തക്കവിധത്തിൽ ഒരു നിർദ്ദേശം സമർപ്പിക്കാൻ ഒരു സമിതിയെ ഏർപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ അതേ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : ജനകീയ മൽസ്യക്കൃഷിയുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ താൽക്കാലികമായി എക്സ്റ്റെൻഷൻ ഓഫീസർമാർ എന്നുള്ള നിലയിൽ 40 പേരെ നിയമിച്ച് അവരെ സ്ഥിരപ്പെടുത്തിയതായി അവിടത്തെ ജീവനക്കാരിൽ വലിയ പരാതി ഉണ്ടായിട്ടുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുസംബന്ധിച്ച് ഗവൺമെന്റ് എന്താണ് ഉദ്ദേശിക്കുന്നത്; ഈ സ്ഥിരപ്പെടുത്തിയെന്ന് പറയുന്നത് ശരിയാണോ; സ്ഥിരപ്പെടുത്തുന്നതിനുള്ള അനുവാദം ഗവൺമെന്റ് നൽകിയിട്ടുണ്ടോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ആളുകളാണെങ്കിൽ കോൺട്രാക്ടിന്റെ കാലാവധിതീരുന്ന സമയത്ത് അവരെ പിരിച്ചയക്കേണ്ടതായിട്ട് വരും. ഈ കൃഷിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി 50 പേരേ നിയമിക്കുകയുണ്ടായി. അവരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ഇതിന്റെ ആവശ്യം കഴിയുമ്പോൾ പോകേണ്ട വ്യവസ്ഥയിലാണ് അവരെ നിയമിച്ചിട്ടുള്ളത്. ഈ കാര്യം എന്താണെന്ന് പരിശോധിക്കാം.

<u>ശ്രീ. എ. കണാരൻ</u> : ബംഗാളിൽ ഇഷ്ടംപോലെ മൽസ്യക്കൃഷിയുണ്ട്. അവിടെ കുണ്ടും കുളവും ചിറയും പുരയിടങ്ങളുമെല്ലാംതന്നെ മൽസ്യകൃഷിയാണ്. അതിനേക്കാൾ അനുയോജ്യമായ സ്ഥലമാണ് നമ്മുടെ പ്രദേശം. കേരളത്തിൽ ഇഷ്ടംപോലെ കുണ്ടും കുളങ്ങളും ചിറയും കായലും കനാലുമൊക്കെ ഉണ്ട്. ഇവിടെയെല്ലാം നമ്മൾ തെങ്ങുകൃഷി ചെയ്യുന്നതുപോലെ മൽസ്യകൃഷി വിപുലപ്പെടുത്താൻ വേണ്ടിയുള്ള സമഗ്രമായ ഒരു പദ്ധതിക്ക് ഗവൺമെന്റ് രൂപം നൽകുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : അത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : ജനകീയ മൽസ്യക്കൃഷിക്കുവേണ്ടി ലക്ഷക്കണക്കിന് രൂപ നമ്മൾ മുടക്കുന്നുണ്ട്. മൽസ്യ ഉൽപ്പാദനം വർദ്ധിക്കുന്നുമുണ്ട്. പക്ഷേ ഇതിൽ ഒരുകൂട്ടരെ, ട്രെഡിഷണൽ ഫിഷർമാൻമാരെ വിസ്മരിക്കപ്പെടുന്നു. ഇന്ന് സഹകാര്യകുളങ്ങളിലും അതുപോലെ മറ്റു സ്ഥലങ്ങളിലുമൊക്കെ മൽസ്യക്കൃഷി നടക്കുന്നതുകൊണ്ട് അവർക്ക് അവിടെ മൽസ്യം പിടിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് നമ്മൾ ഈ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുമ്പോൾ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുകൂടെ അവിടെ മൽസ്യം

LIBRARY ARCHIVES Kerala Legislative Assembly

പിടിക്കാനുള്ള അവസരം ഒരുക്കത്തക്ക രീതിയിൽ ഈ പദ്ധതി പുനരാവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഇതുകൊണ്ട് യാതൊരു കുഴപ്പവും വരുന്നില്ല. ഉൾനാടൻ പ്രദേശങ്ങളിൽ മൽസ്യം കൃഷി ചെയ്യുന്നത് പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യത്തിന് ഗുണകരമായിട്ടാണ്. മൽസ്യസമ്പത്ത് കൂടുതൽ വർദ്ധിക്കുകയും ചെയ്യും. അതിന്റെ ഭാഗമായി കർഷകത്തൊഴിലാളികൾക്കും മൽസ്യത്തൊഴിലാളികൾക്കും നാട്ടുകാർക്കും ഗുണം കിട്ടും.

ശ്രീ. പി. വിശ്വൻ : ഉൾനാടൻ മൽസ്യസമ്പത്ത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആഭ്യന്തര കമ്പോളം തന്നെ ഇതിന് കിട്ടും. എന്നാൽ വർദ്ധിച്ചുവരുന്ന ഈ ക്വാണ്ടിറ്റിയിൽ രുചികരമായ മൽസ്യം വളർത്തരുതക്ക രൂപത്തിലുള്ള നടപടികളിലേയ്ക്ക്, പരമ്പരാഗതമായിട്ടുള്ള കരിമീൻ, വരാൽ തുടങ്ങിയ മൽസ്യങ്ങൾ വളർത്തുന്ന രൂപത്തിലേയ്ക്കുള്ള പദ്ധതികൾക്ക് സർക്കാർ നേതൃത്വം കൊടുക്കുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : എല്ലാതരം മൽസ്യങ്ങളും വളർത്തുന്നതിനുവേണ്ടിയുള്ള പരിപാടികളാണ് നടന്നുവരുന്നത്.

ശ്രീ. സി. മോയിൻകുട്ടി : പൊതുമാർക്കറ്റിൽ വർദ്ധിച്ചുവരുന്ന മൽസ്യവില കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി മൽസ്യകൃഷി രംഗത്തെ വളർച്ച ഉപകരിച്ചിട്ടുണ്ടെന്ന് ഗവൺമെന്റിന് പറയാൻ സാധിക്കുമോ; ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങളും മൽസ്യത്തിന്റെ വിലക്കുറവും ലക്ഷ്യം വച്ചുകൊണ്ട് എന്തെല്ലാം പ്രവൃത്തികൾക്ക് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ : മൽസ്യസമ്പത്ത് വർദ്ധിച്ചാൽ അതിന്റെ ഫലമായി എല്ലാ രംഗങ്ങളിലും അതിന്റെ ഗുണം കിട്ടും. ഉൾനാടൻ പ്രദേശങ്ങളിൽ മൽസ്യം എത്തിക്കാനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്കും സാമൂഹ്യപരമായിട്ടുള്ള ചില പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഉൾനാടൻ പ്രദേശങ്ങളിലുള്ള മൽസ്യം സുലഭമായി കിട്ടേണ്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവിടെ ഈ മൽസ്യകൃഷിയുമായി ബന്ധപ്പെട്ട പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കും മാർക്കറ്റിൽ വിപണനം നടത്തുന്ന ആളുകൾക്കും ഇപ്പോൾ പുതിയതായി മൽസ്യത്തൊഴിലാളികൾക്ക്, കടലിലും കായലിലും പോയി മൽസ്യം പിടിക്കുന്നവർക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾത്തന്നെ കൂടുതൽ പ്രോൽസാഹനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്.

ശ്രീ. ടി. നാണു മാസ്റ്റർ : ജനകീയ മൽസ്യകൃഷി എല്ലാ മേഖലകളിലും കൂടുതൽ തൊഴിലവസരങ്ങൾകൂടി വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കുന്നതാണ്. കൊല്ലം ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നിർമ്മിച്ച് അതിനുള്ള സാദ്ധ്യതകളും മറ്റു കാര്യങ്ങളുമെല്ലാം അധികൃതരുടെ സഹായത്തോടുകൂടി നടപ്പാക്കി വന്നിട്ടുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നുകൊല്ലമായി ഈ സഹകരണസംഘങ്ങൾക്ക് മൽസ്യകൃഷിക്കുള്ള സഹായധനമോ മറ്റു നടപടികളോ ലഭിച്ചിട്ടില്ല. അതുമൂലമുള്ള കഷ്ടനഷ്ടങ്ങൾ കണക്കിലെടുത്ത് കൊല്ലം ജില്ലയിലെ ഈ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സഹകരണസംഘങ്ങൾക്ക് ഇന്ന് നിലവിലുള്ള നിരോധന നടപടികൾ മാറ്റി

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യകൃഷിക്ക് അനുയോജ്യമായ നിലപാടുകൾ കൈക്കൊള്ളുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ശ്രീ. ടി.കെ. രാമകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം എന്താണെന്നുള്ളത് ഞാൻ പ്രത്യേകം പരിശോധിക്കാം.

3 (* 89) മാനവീയം പരിപാടിയുടെ പ്രവർത്തന പുരോഗതി

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച മാനവീയം പരിപാടികളുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പരിപാടിയുടെ പരിധിയിൽ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടുമോ; എങ്കിൽ ഏതെല്ലാം ഇനത്തിൽപ്പെട്ടവ എന്ന് വ്യക്തമാക്കുമോ;

(സി) ഈ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് ഉദ്ദേശിക്കുന്നത്;

(ഡി) വികസന പ്രവർത്തനവുമായി ബന്ധപ്പെട്ട വകുപ്പിന് അനുവദിച്ചിട്ടുള്ള പണം മാനവീയം പദ്ധതിയിലേക്കെടുത്ത് വികസന പ്രവർത്തനങ്ങൾ നടപ്പാക്കാൻ പരിപാടിയുണ്ടോ;

(ഇ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് തുക നൽകിയിട്ടുണ്ട്;

(എഫ്) കേരളത്തിലെ എല്ലാ വകുപ്പുകളും മാനവീയം പരിപാടിയിൽ ബന്ധപ്പെടുകയും സാംസ്ക്കാരിക വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്;

(ജി) മാനവീയം പരിപാടിയുമായി ബന്ധപ്പെട്ട് കേരളത്തിന് പുറത്ത് നിന്ന് കലാകാരൻമാരെ കൊണ്ടുവന്നയിനത്തിൽ ചെലവഴിച്ച തുക എത്രയാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എച്ച്) ഈ പരിപാടികൾ എത്രകാലം നീണ്ടുനിൽക്കും; ഈ പരിപാടിക്കുവേണ്ടി എന്തു തുക മാറ്റിവച്ചിട്ടുണ്ട്;

(ഐ) മാനവീയം പരിപാടികളുടെ നടത്തിപ്പിനായി മാർഗ്ഗരേഖകൾ പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ജെ) ഈ പരിപാടിയുടെ ഉൽഘാടനം എന്ന് നടത്താനാണ് നിശ്ചയിച്ചിരുന്നത്; അതിന്റെ ഉൽഘാടനം മാറ്റിവച്ചുവോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly